
Monthly Price Rs. 4/- 2008

# ബൈബിൾ ട്രൂത്ത്



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

## സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)

## രക്ഷ എന്നാൽ "പാപമോചനം"

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ↑ | ↑ | ↑ | ↑ | ↑ | ↑ |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 22** **March 2008** **No.12**

# എഡിറ്റോറിയൽ

അക്രമ മരണവും അപകടമരണവും അധികരിച്ചു വന്നിരിക്കയാണ്. മനുഷ്യസമൂഹം ആധുനിക ജീവിത ശൈലിയാണ് നയിക്കുന്നത്. ലൗകിക ജീവിത ഭ്രമമാണ് മനുഷ്യരെ ഇന്നു മഥിച്ചുകൊണ്ടിരിക്കുന്നത്. എന്താണ് അതിന്റെ കാരണം? ആത്മികതയുടെ പ്രാധാന്യം കുറഞ്ഞു വന്നിരിക്കുന്നു. അത് ആളുകളിൽ പ്രകടമായിക്കൊണ്ടിരിക്കയാണ്. ദൈവം മനുഷ്യർക്കു ചെയ്ത ഉപകാരങ്ങൾ ആളുകൾ മറന്നിരിക്കയാണ്. ദൈവം പണ്ടു മുതലേ തന്റെ പ്രവൃത്തികൾ മനുഷ്യരെ പ്രദർശിപ്പിച്ചിട്ടുണ്ട്. ദൈവത്തെ മറക്കാതിരിപ്പാൻ ദൈവത്തിന്റെ വാഗ്ദാനങ്ങളും ചട്ടങ്ങളും പ്രമാണങ്ങളും ഭവനങ്ങളിൽ മാതാപിതാക്കൾ തങ്ങളുടെ മക്കളെ പഠിപ്പിക്കണം. ദൈവം അതു അരുളിച്ചെയ്യുകയുണ്ടായി. പലപ്പോഴും അറിവില്ലായ്മയും തെറ്റായ അറിവുകളുമാണ് ആളുകൾ തെറ്റിപ്പോകുവാൻ കാരണം. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവത്തിന്റെ വെളിപ്പാടുകൾ സത്യമാണ്. എന്റെ ജനം പരിജ്ഞാനം ഇല്ലായ്കയാൽ നശിച്ചു പോകുന്നു എന്നു ദൈവം പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ ഹിതം നമുക്കു അത്യന്താപേക്ഷിതമാണ്. ദിവ്യത്വവും ദൈവശക്തിയും തിരിച്ചറിയാത്തതുകൊണ്ട് ആളുകൾ തെറ്റിപ്പോകുന്നു.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ മനസ്സില്ലാത്തവരെ ദൈവം നികൃഷ്ട ബുദ്ധിയിൽ ഏല്പിക്കുകയും അവർ ഉചിതമല്ലാത്തതു ചെയ്യുകയും ചെയ്യും. അതു ദൈവം മുന്നറിയിച്ചിരിക്കുന്ന

താണ്. ദുഷ്ട കർമ്മങ്ങളുടെ അനന്തരഫലം തിക്തമായിരിക്കും. പാപത്താൽ ശാപം വരുമെന്നതു യാഥാർത്ഥ്യമാണ്. അതുപോലെ മനുഷ്യനിൽ പാപേഛ കടന്നുവന്നാൽ ചിന്തയും സ്വഭാവവും മോശമാകും. അവരുടെ ബുദ്ധി കുബുദ്ധിയായിത്തീരും. നീതി ബോധം നഷ്ടപ്പെട്ട തലമുറയാണ് ഇന്നുള്ളത്. അതുകൊണ്ടു അവർ തിരിച്ചറിയേണ്ടതു കാരണത്തെയാണ്. കാരണം ബോധ്യമായാൽ പ്രതിവിധി എളുപ്പമാണ്. ആത്മിയ ജീവിതത്തിന്റെ ഫലം വളരെ വലുതാണ്. അതായതു ദൈവത്തിന്റെ പ്രവൃത്തികൾ നാം മനസ്സിലാക്കണം. ദൈവത്തിനെതിരായി പ്രവർത്തിക്കുന്ന ഒരു ശക്തി ലോകത്തിലുണ്ട്. അതു പിശാചിന്റെ ശക്തിയാണ്. വ്യാജം പ്രചരിപ്പിക്കുന്നതു പിശാചാണ്. ഭോഷ്ക്ക് എല്ലാം സാത്താനിൽ നിന്നാണ് വരുന്നത്. ആ ഒരറിവു അധികം പേർക്കും ഇല്ല. ദൈവത്തെയും മനുഷ്യരെയും തമ്മിൽ അകറ്റുന്നതു പിശാചാണ്. നിയമ ലംഘനം നമ്മിൽ വരുത്തി സാത്താൻ വിജയിക്കുന്നു എന്നഭിമാനിക്കയാണ്. പക്ഷെ ക്രിസ്തുവിന്റെ ശക്തിയെ തിരിച്ചറിഞ്ഞവർ പാപത്തെ വിടുകയും തെറ്റുകുറ്റങ്ങളിൽ നമ്മെ അടിമയാക്കുന്ന പിശാചിനോടു എതിർത്തു നില്ക്കയും വേണം. ധനമോ സമ്പത്തോ ആയിരിക്കരുത് നമ്മുടെ ജീവിത ലക്ഷ്യം. മറിച്ച്, നിത്യമായ സ്വർഗ്ഗീയ ജീവൻ ആകണം. അതിനായി പ്രവർത്തിക്കുന്നവർ നിരാശപ്പെടുകയില്ല.

ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരുടെ അവസ്ഥ ലോകത്തിനടിമപ്പെട്ടിരിക്കുന്നവർക്കുണ്ടാകണം. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും. ലൗകിക നിക്ഷേപങ്ങൾ എന്തായിരുന്നാലും എത്രയായിരുന്നാലും അതില്ലാതാകുന്നതാണ്. നമ്മുടെ ഭൗതികമായ ജീവിതവും താല്ക്കാലികമാണ്. പക്ഷെ ആത്മാവു നിത്യമാണ്. സർവ്വ മനുഷ്യർക്കും ഏകമായ ഒരഭയസ്ഥാനം ഉണ്ട്. ക്രിസ്തുവിന്റെ ഏക സ്ഥാപനമായ രാജ്യമാണത്. അതുകൊണ്ടാണ് കർത്താവു പറഞ്ഞിരിക്കുന്നതു മുമ്പെ അവന്റെ രാജ്യം അന്വേഷിപ്പിൻ എന്ന്. ദൈവരാജ്യത്തോടൊപ്പം നാം ദൈവ നീതിയും അന്വേഷിക്കണം. നീതിപൂർവ്വമായ ജീവിതമാണ് ദൈവം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നത്.

★

# ക്രിസ്തുവിന്റെ ഉപദേശം നിങ്ങൾക്കു സുപ്രധാനമോ

J.C. ചോട്ട്

തിരഞ്ഞെടുക്കാവുന്ന ഒരു വസ്തുതയോ അഭിപ്രായമോ ആണ് ഉപദേശം എന്നാണ് അധികം ആളുകളും വിശ്വസിച്ചിരിക്കുന്നതു. ഉദ്ധരിക്കാവുന്നതും വാദിക്കാവുന്നതുമായ ഒന്നാണ് അതു എന്ന വീക്ഷണക്കാരും ധാരാളം ഉണ്ട്. ക്രിസ്തുവിന്റെ പ്രബോധനമാണ് ഉപദേശമെന്നതു. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അതിനു വലിയ പ്രാധാന്യമുണ്ട്. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു (2 തിമൊഥെയൊസ് 3:16, 17). ക്രിസ്തുവിന്റെ ഉപദേശത്തെ നിങ്ങൾ പ്രാധാന്യമുള്ളതായി കാണുന്നുണ്ടോ?

1. ക്രിസ്തുവിന്റെ ഉപദേശം, ദൈവത്തിന്റേതാണ് അതുകൊണ്ട് അവനു അതു സുപ്രധാനമുള്ളതാണ്. പുനരുത്ഥാനമില്ല എന്നു വിശ്വസിച്ചിരുന്ന സദൂക്യരുടെ വാദഗതികളെ വേരോടെ പിഴുതുകളയുന്ന യേശുക്രിസ്തുവിന്റെ ഉപദേശം കേട്ടിട്ടു പുരുഷാരം വിസ്മയിച്ചു (മത്തായി 22:33), ശബ്ബത്തിൽ പള്ളിയിൽ ചെന്നു ഉപദേശിച്ച യേശുക്രിസ്തുവിനെ ആളുകൾ വില മതിച്ചു. അവന്റെ ഉപദേശം ശാസ്ത്രിമാരെ പോലെ അല്ല; അധികാരമുള്ളവനെ പോലെ ആയിരുന്നു. അതുകൊണ്ട് അവന്റെ ഉപദേശത്തിൽ ആളുകൾ അതിശയിച്ചു (മർക്കൊസ് 1:21-22). മതപരമായ കാര്യങ്ങളിൽ എല്ലാം തന്നെ നമുക്കു ക്രിസ്തുവിന്റെ ഉപദേശമാണ് ആവശ്യം. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നാണ് കർത്താവു അരുളിച്ചെയ്തതു (മത്തായി 28:18). അതുകൊണ്ടുകൂടെ യേശുക്രിസ്തുവിന്റെ ഉപദേശത്തിനു പ്രസക്തി ഏറുന്നു.

2. അപ്പൊസ്തലന്മാർക്കും ആദ്യ ക്രിസ്ത്യാനികൾക്കും ക്രിസ്തുവിന്റെ ഉപദേശം പ്രാധാന്യമുള്ളതായിരുന്നു. പെന്തെകൊസ്തു

നാളിൽ 3,000 പേർ വചനം കേട്ടു സ്നാനം ഏറ്റു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു. ദൈവശ്വാസീയരായ ആളുകളുടെ ഉപദേശം അവർക്കു കാര്യമായി തോന്നി. അവരുടെ നിർദ്ദേശങ്ങൾ അവർ ഗൗരവമായി എടുത്തു.

3. പുതിയ നിയമ ക്രിസ്ത്യാനിയായിരിക്കുന്ന ഓരോ വ്യക്തിക്കും ക്രിസ്തുവിന്റെ ഉപദേശം പ്രാധാന്യമുള്ളതാണ്. ഒരിക്കൽ പാപത്തിനു ദാസൻമാർ ആയിരുന്നവർ അപ്പൊസ്തലന്മാരുടെ ഉപദേശരൂപം ഹൃദയപൂർവ്വം അനുസരിച്ചതുകൊണ്ട് അവർ പാപത്തിൽ നിന്നു സ്വതന്ത്രരായി, പുതിയ നിയമ ക്രിസ്ത്യാനികളായി തീർന്നു (റോമർ 6:17, 18). സത്യസന്ധതയുള്ള ഒരു ക്രിസ്ത്യാനി ഈ ഉപദേശത്തെ മാനിക്കും. തന്നെയുമല്ല തന്റെ ഉപദേശം വചനാനുസരണമോ അല്ലയോ എന്നു പരിശോധിക്കും. അങ്ങനെ ചെയ്താൽ മാത്രമെ തന്നെയും തന്റെ ഉപദേശം കേൾക്കുന്നവരെയും രക്ഷിക്കാൻ കഴിയൂ (1 തിമൊഥെയൊസ് 4:13, 16). ഒരാൾ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോയാൽ അയാൾക്കു ദൈവമില്ലാത്ത അവസ്ഥയാണുള്ളതു (2 യോഹന്നാൻ 9:10). അതുകൊണ്ട് ക്രിസ്തുവിന്റെ ഉപദേശത്തിനുള്ള പ്രാധാന്യം വ്യക്തമായല്ലോ.

4. നിർഭാഗ്യവശാൽ അസംഖ്യം ആളുകൾ ക്രിസ്തുവിന്റെ ഉപദേശത്തിൽ അത്ര പ്രാധാന്യം കൊടുക്കുന്നതായി കാണുന്നില്ല. "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. വിവിധവും അന്യവുമായ ഉപദേശങ്ങളാണ് അധികം പേരും സ്വീകരിച്ചിരിക്കുന്നതു. മനുഷ്യരുടെ ഉപദേശങ്ങളും കൽപനകളും അവർ പഠിപ്പിക്കുന്നതുകൊണ്ട് അവരുടെ ആരാധന വ്യർത്ഥമാണ് (മത്തായി 15:9).

ക്രിസ്തുവിന്റെ ഉപദേശത്തിനു പ്രാധാന്യം കൊടുക്കുന്നവരാണെങ്കിൽ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു

എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെസ്യർ 4:14). നമുക്കു മനുഷ്യരുടെ ഉപദേശങ്ങളെയല്ല; കർത്താവിന്റെ ഉപദേശത്തെ തന്നെ നാം സ്നേഹിക്കണം.

★

## ക്രിസ്ത്യാനി ആർ?

തങ്ങൾ ക്രിസ്ത്യാനികൾ ആണെന്നു ഈ ലോകത്തിൽ ധാരാളം ആളുകൾ അവകാശപ്പെടുന്നുണ്ട്. ക്രിസ്ത്യാനി എന്ന വാക്കിനു അസംഖ്യം നിർവ്വചനങ്ങളും പരന്നിട്ടുണ്ട്. ആ പേരിന്റെ അർത്ഥമെന്തെന്നും ആ വ്യക്തി ആർ എന്നും കണ്ടുപിടിക്കണമെങ്കിൽ കുറച്ചു സമയം നാം എടുത്തുനോക്കേണ്ടതുണ്ട്. ആ പഠനത്തിൽ നിന്നു കിട്ടുന്ന ഉത്തരം ആശ്ചര്യജനകമായി തോന്നാം.

ഒരാൾ ആ അവകാശം ഉന്നയിച്ചതുകൊണ്ടു മാത്രം ക്രിസ്ത്യാനിയായിതീരുന്നില്ല. അയാൾ ദൈവത്തിൽ വിശ്വസിക്കുന്നവനാകാം, ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടാകാം. പക്ഷെ അതു അയാളെ ക്രിസ്ത്യാനിയാക്കി മാറ്റുന്നില്ല. അയാൾ സ്നാനപ്പെട്ടിരിക്കാം. ഏതെങ്കിലും സഭയിലേക്കു ചേർന്നിരിക്കാം. എന്നാൽ അതും അയാളെ ക്രിസ്ത്യാനിയായി മാറ്റുന്നില്ല. മതഭക്തിയുള്ള ആളാകാം, ഔദാര്യമായി കൊടുക്കുന്നവനാകാം, സൽപ്രവൃത്തികൾ ചെയ്യുന്നവനാകാം, ഉപദേഷ്ടാവു പോലും ആയിരിക്കാം. എന്നാൽ ഇവയൊന്നും അവനെ ക്രിസ്ത്യാനിയാക്കുന്നു എന്നു അർത്ഥമാക്കുന്നില്ല; അവൻ കർത്താവിനുള്ളവൻ എന്നും വരുന്നില്ല. അയാൾ പലപ്പോഴും പ്രാർത്ഥിക്കുന്നുണ്ടാകാം, എല്ലാ ഞായറാഴ്ച്ചയും ആരാധനക്കു പോകുന്നുണ്ടാകാം; ജഡത്തിന്റെ പ്രവൃത്തികളിൽ നിന്നു വിട്ടകന്നു നല്ല സംസാരം, നല്ല ചിന്ത, നല്ല പേർ എന്നിവയെല്ലാം ഉള്ള ആളാകാം. എന്നാൽ ഇതൊന്നും അവനെ യഥാർത്ഥത്തിൽ ദൈവപൈതലാക്കി തീർക്കണമെന്നില്ല.

വാസ്തവം എന്തെന്നു തിരിച്ചറിയൽ ഇവിടെ ആവശ്യം. അന്ധമായി എന്തെങ്കിലും ശരി എന്നു വിചാരിച്ചാൽ അങ്ങനെ ആകണമെന്നില്ല. മതപരമായ കാര്യങ്ങളിൽ മിക്കവൊറും പേർ മദ്ധ്യഘട്ടത്തിൽ

നിൽക്കുവാൻ ആഗ്രഹിക്കുന്നു. ന്യായീകരിക്കുവാൻ മനുഷ്യർക്ക് ഉള്ള വാസന പുരാതനകാലം മുതൽ കണ്ടു വരുന്നതാണ്. അതു കൊണ്ട് തെറ്റ് ഒരിക്കലും ശരിയായി മാറുകയില്ല. ദൈവത്തോടു പ്രതിവാദം നടത്തുവാൻ ശ്രമിക്കുന്നതു വിഡ്ഢിത്തം ആയിരിക്കും എന്നതിനു സംശയം ആർക്കും കാണുകയില്ലല്ലോ.

മുകളിൽ പ്രസ്താവിച്ച വിവരണം കേട്ടിട്ടു ഇപ്പോൾ നിങ്ങൾക്കു വിസ്മയം തോന്നിക്കാണും. നിങ്ങൾ അറിയുന്നവരേയും, ഒരു പക്ഷെ നിങ്ങളെത്തന്നെയും ശിക്ഷക്കു വിധിക്കയോ കുറ്റം വിധിക്കയോ ആണ് ഞാൻ ചെയ്യുന്നതെന്നു പോലും നിങ്ങൾ തീർച്ചപ്പെടുത്തി കാണാം. മുകളിൽ പറഞ്ഞ നന്മവശങ്ങൾ എല്ലാം ഉള്ള ഒരു വ്യ ക്തിയെ ലോകം കാണുന്നതു മാന്യനായ ഒരു ക്രിസ്ത്യാനിയായിട്ടാ യിരിക്കും. പക്ഷെ നിങ്ങളുടെ വീക്ഷണം ഉയർന്ന സ്ഥാനത്തു നിന്നു ണ്ടായതു നിമിത്തമാണ് അങ്ങനെ സംഭവിക്കുന്നതു. അധികം പേരും ഈ വിധത്തിലുള്ള കാഴ്ച്ചപ്പാട് ഉള്ളവരാണ്. മുകളിൽ പറഞ്ഞ കാര്യ ങ്ങളെല്ലാം ഒരാൾ ചെയ്യുന്നു എന്നു വിചാരിക്കുക. പക്ഷെ അതെല്ലാം തെറ്റായ ഉപദേശങ്ങളുടെയും അനുമാനങ്ങളുടെയും അടിസ്ഥാന ത്തിൽ ആണെങ്കിൽ അയാൾ വഞ്ചിക്കപ്പെട്ടിരിക്കയാണ് എന്നു തീർത്തു പറയാം. അവർ ചെയ്യുന്ന പ്രവർത്തികൾക്കൊന്നും അവനെ ഒരു ക്രിസ്ത്യാനിയാക്കാൻ ഉതകുന്നതല്ല.

നാം വഞ്ചിക്കപ്പെടരുതു എന്നു തിരുവെഴുത്തു നമ്മെ മുന്നറി യിച്ചിരിക്കയാണ്. അപ്പൊസ്തലനായ പൗലൊസിന്റെ വിവരണം ദയ വായി വായിക്കുക. "ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപ ടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരി ക്കുന്നവർ അത്രെ, അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷ ക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയ മല്ല; അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതാ യിരിക്കും (2 കൊരിന്ത്യർ 11:13-15). സത്യാവസ്ഥയെ മറച്ചുപിടിച്ചു അസത്യത്തെ പ്രചരിപ്പിക്കുന്ന വ്യവസ്ഥ പിശാചിന്റേതാണ്, സ്വാഭാ വിക കണ്ണുകൾക്കു കാണാൻ പറ്റാത്ത വിധം സാത്താൻ അവരുടെ കാഴ്ച്ചപ്പാട് കുരുടാക്കി മാറ്റിയിരിക്കുന്നു.

ആകയാൽ നാം വീണ്ടും ആ ചോദ്യത്തിലേക്കു തന്നെ വന്നു

നിൽക്കുകയാണ്. ആരാണ് ക്രിസ്ത്യാനി? ഇതു പോലുള്ള ഏതു ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുവാൻ നാം തിരുവെഴുത്തിലേക്കു നോക്കണം. ദൈവമാണ് അന്തിമതീർപ്പ് കൽപ്പിക്കുന്നതു. അതുകൊണ്ടാണ് ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് നമുക്കു കരണീയമായിട്ടുള്ളതു എന്നു പറയാൻ കാരണം. മറ്റെവിടെ നോക്കിയാലും അതു സമയ നഷ്ടവും കിട്ടുന്ന ഉത്തരം തെറ്റും ആയിരിക്കും. ദൈവവചനപ്രകാരം, 'ദൈവേഷ്ടം അറിയുന്ന ആൾ, ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കുന്ന ആൾ (റോമർ 10:17; എബ്രായർ 11:6; യോഹന്നാൻ 14:1, 2); അയാളുടെ പാപത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിഞ്ഞു ക്രിസ്തു ദൈവപുത്രനാണെന്നു ഏറ്റു പറയുന്നവനായിരിക്കണം (പ്രവൃത്തി 17:30; ലൂക്കൊസ് 13:3; മത്തായി 10:32, 33). പാപമോചനത്തിനായിട്ടുള്ള കർത്താവിന്റെ കൽപന അനുസരിക്കയും വേണം (പ്രവൃത്തി 2:38).

സ്നാനം വെള്ളത്തിലുള്ള അടക്കമാണ് (കൊലൊസ്യർ 2:11–12). കർത്താവിന്റെ പേരിനാൽ അറിയപ്പെടുന്ന രക്ഷിക്കപ്പെട്ട ക്രിസ്തുവിന്റെ സഭയിലേക്കു ചേർക്കപ്പെട്ട ഒരാളായിരിക്കും അദ്ദേഹം (മത്തായി 16:18; പ്രവൃത്തികൾ 4:12; റോമർ 16:6). ഓരോ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലും ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവനായിരിക്കണം ഒരു ക്രിസ്ത്യാനി (യോഹന്നാൻ 4:24; പ്രവൃത്തി 20:7). അവൻ ലോകപ്രകാരമുള്ള വസ്തുക്കളിൽ നിന്നു വിട്ടകന്നു ദൈവഭക്തിയിലും വിശുദ്ധിയിലും ജീവിച്ച് മറ്റുള്ളവർക്കു ഗുണം ചെയ്തു കർത്താവിന്നു വിശ്വസ്തമായി ജീവിക്കുന്നു (1 യോഹന്നാൻ 2:15–17; തിത്തൊസ് 2:11–12; വെളിപ്പാട് 2:10). ഇതെല്ലാം പറയുമ്പോൾ തീർച്ചയായും പുറമെയുള്ള വഴികളാണ് നമുക്കു അടയാളമായിരിക്കുന്നതു, എന്നാൽ കർത്താവിനു ഈ വഴികൾ നന്നായി അറിയാം. അവനാണ് അന്തിമമായി തീർപ്പു കൽപിക്കുന്നവൻ. എന്നാൽ ഒരാൾ ഈ രീതിയിൽ കർത്താവിനെ അനുസരിച്ച് സമർപ്പണജീവിതം നയിക്കുമ്പോൾ അയാൾ വാസ്തവത്തിലുള്ള ക്രിസ്ത്യാനിയാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് എന്നു ആ പ്രവൃത്തികളിലൂടെ തെളിയിക്കുകയാണ് ചെയ്യുന്നതു.

നിങ്ങളോ? മുകളിൽ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ എങ്ങനെ സ്വീകരിക്കുന്നു? നിങ്ങൾ കർത്താവിനെ അനുസരിച്ചിട്ടുണ്ടോ? നിങ്ങൾ

ക്രിസ്തുവിന്റെ സഭയിലെ അംഗമാണോ? നിങ്ങൾ ദിവസവും അവനായിട്ടാണോ ജീവിക്കുന്നതു? പലർക്കും കർത്താവിനെ അനുസരിക്കുക എന്നു പറഞ്ഞാൽ എന്താണ് എന്നു വ്യക്തമല്ല. ക്രിസ്തുവിനെ അനുസരിക്കുക എന്നു പറയുമ്പോൾ അവന്റെ ഉപദേശങ്ങളെ അതേപോലെ അനുസരിക്കുക എന്നതാണ്. ക്രിസ്തുവിന്റെ സഭയിലെ അംഗമാകണമെങ്കിൽ വചന പ്രകാരം ഒരാൾ രക്ഷിക്കപ്പെടണം എങ്കിലേ കർത്താവ് അവനെ തന്റെ സഭയിലേക്കു ചേർക്കയുള്ളൂ. നിങ്ങൾ ഇതു ചെയ്തിട്ടില്ലെങ്കിൽ ഇന്നു തന്നെ അതിന്നായി ഒരുങ്ങുക. അമാന്തിക്കരുത്. നിങ്ങളുടെ ഹൃദയം തുറന്നു പ്രവർത്തിച്ചു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുക. അതു വളരെ പ്രയാസമാണ് എന്നു കരുതരുത്. ദൈവം ഉദ്ദേശിക്കുന്ന വഴി അതു മാത്രമാണ്. കർത്താവ് വാഗ്ദാനം ചെയ്തതു നാം മറക്കരുത്. നാം നമ്മുടെ ജീവിതത്തിൽ കർത്താവിനെ വായ് കൊണ്ടു ഏറ്റു പറഞ്ഞാലേ കർത്താവ് അന്ത്യനാളിൽ പിതാവിന്റെ മുമ്പിൽ നമ്മെയും ഏറ്റുപറയുകയുള്ളൂ (മത്തായി 10:32, 33). ക്രിസ്ത്യാനിയാകുമ്പോൾ കിട്ടുന്ന പ്രത്യാശയേക്കാൾ വലിയ നേട്ടം മറ്റൊന്നിലും നിങ്ങൾക്കു കൈവരിക്കാൻ സാധ്യമല്ല.

✶

# യഥാർത്ഥ ക്രിസ്ത്യാനിത്വം അപൂർവ്വം

### ഹാർവെ പോർട്ടർ

ഒരു ശരാശരി പൗരനെ സൂചിപ്പിച്ചുകൊണ്ട് ആളുകൾ പറയാറുള്ളതു "ഒരു നല്ല ക്രിസ്ത്യാനിയെ പോലെ" എന്നാണ്. യേശുവിനെ കുറിച്ച് കുറച്ചു മാത്രം അറിയുകയും ഒരിക്കലും ബൈബിൾ വായിക്കയോ പ്രാർത്ഥിക്കയോ ചെയ്യാതിരുന്നാലും ജനങ്ങൾക്കിടയിൽ മിക്കവാറും കാണപ്പെടുന്നവനാകകൊണ്ട് ആളുകൾ അവനെ അല്ലെങ്കിൽ അവളെ ക്രിസ്ത്യാനി എന്നു വിളിക്കും.

നമ്മുടെ നിലവാരം കർത്താവിന്റേതിൽ നിന്നും വ്യത്യസ്ഥമാണ്.

സഭയിലുള്ള നിലവാരവും വ്യത്യസ്തമാണ് എന്നു ഞാൻ എടുത്തുപറയട്ടെ. ഒരു നല്ല ക്രിസ്ത്യാനിയുടെ ചിത്രം നമ്മുടെ മനസ്സിലും ഉണ്ട്. സ്നേഹമുള്ള, ജന്മസിദ്ധമായ കഴിവുകൾ ഉള്ള, ആരാധനക്കു തുടർച്ചയായി സംബന്ധിക്കുന്ന, ക്ലാസ്സുകളിൽ സംബന്ധിക്കുകയും ഉദാരമായി നൽകുകയും തുടങ്ങിയ മറ്റനേകം ഗുണങ്ങൾ ഉള്ള ഒരാളെ ആ വിധത്തിൽ നാം കണക്കാക്കുന്നു.

തന്റെ അനുയായികളുടെ സ്വഭാവം എന്തായിരിക്കുമെന്ന് യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. അതു നമ്മെ മാനസികാസ്വസ്ഥതയിൽ ആഴ്ത്തുന്നു. കാരണം, പരമാർത്ഥത്തിൽ അങ്ങനെയുള്ള ഒരു വ്യക്തിയെ പലപ്പോഴും നാം കാണാറില്ല.

"എന്നാൽ കേൾക്കുന്നവരായ നിങ്ങളോടു ഞാൻ പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്‌വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. നിന്നെ ഒരു ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും കാണിച്ചു കൊടുക്ക; നിന്റെ പുതപ്പു എടുത്തു കളയുന്നവനു വസ്ത്രവും തടുക്കരുതു. നിന്നോടു ചോദിക്കുന്ന ഏവനും കൊടുക്ക. നിനക്കുള്ളതു എടുത്തു കളയുന്നവനോടു മടക്കി ചോദിക്കരുതു. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നേ അവർക്കും ചെയ്‌വിൻ" (ലൂക്കൊസ് 6:27–31).

സഭയിൽ, നമ്മുടെ ഭൗതിക കുടുംബത്തെ സ്നേഹിക്കുവാൻ നാം പഠിച്ചുകൊണ്ടുവരികയാണ്. അതായതു ഭർത്താവ്, ഭാര്യ, മക്കൾ, മാതാപിതാക്കൾ എന്നിവർ തമ്മിൽ അന്യോന്യം പ്രകടിപ്പിക്കേണ്ടതായ ഈ സ്വഭാവത്തിൽ നാം എത്രമാത്രം വളർന്നിട്ടുണ്ട് എന്ന് ചിന്തിക്കുക. ഇതെല്ലാം അവിശ്വാസികൾ ചെയ്യുന്നുണ്ട് എന്നത്രെ കർത്താവ് പറഞ്ഞതു. ഇതിൽ അധികമായി ഒരാൾ പ്രതീക്ഷിക്കണം. സഭയിൽ ഓരോരുത്തരുമായി സ്നേഹിക്കുവാൻ പഠിച്ചുവരികയാണ്. ദൈവത്തിന്റെ ഭവനമായ സഭയിലുള്ള എല്ലാവരേയും നാം സ്നേഹിക്കേണ്ടതാകുന്നു. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കൽപന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ സ്നേഹം ഉണ്ടെ

ങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാർ എന്നു എല്ലാവരും അറിയും (യോഹന്നാൻ 13:34-35).

സ്നേഹം, ദയ, ബഹുമാനം എന്നീ സ്വഭാവഗുണങ്ങൾ ഒരാൾ തന്റെ കുടുംബാംഗങ്ങളോടു അനുവർത്തിക്കേണ്ടതാണ്. ദൈവത്തിന്റെ എല്ലാ സൃഷ്ടികളിൽ നിന്നും ഇതു പ്രതീക്ഷിക്കുന്നു. ക്രിസ്തുവിനെ അറിയാത്തവരും അവരുടെ കുടുംബത്തിലുള്ളവരോടു മാന്യമായി പെരുമാറുന്നുണ്ട്. എന്നാൽ ക്രിസ്ത്യാനികളായവർ അധികം അറിവുണ്ടായിട്ടും അങ്ങനെ ചെയ്യാത്തവർ ധാരാളമുണ്ട്.

രണ്ടാമത്തേതു അൽപം പ്രയാസമുള്ളതാണ്. ഒരേ കർത്താവിനെ അനുസരിക്കുകയും ഒരേ ദൈവത്തെ അന്വേഷിച്ച് സേവിക്കുന്നവരായ ആളുകളെ സ്നേഹിക്കയും കരുതുകയും ചെയ്യണം എന്നു ആവശ്യപ്പെടുന്നതാണ് ഇതു. ആത്മീയമായി അതൊരു കൂട്ടായ്മയാണ്. ഒരു ശരീരവും കുടുംബവുമാണ്. ഇതു ചിലർക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്. ചിലർ പ്രതികരിക്കേണ്ടതുപോലെ ഇതിനെ പ്രതികരിക്കുന്നില്ല, ചിലർ നമ്മെ തിരിച്ച് സ്നേഹിക്കുന്നില്ല. നമ്മുടെ പ്രതികരണം എന്തായിരിക്കണം? ചിലർ ആ കാരണത്താൽ സഭ വിട്ടുപോകുക പോലും ചെയ്യുന്നു. ചിലർ ദയവോടുകൂടി ഇടപെടും. സ്നേഹിക്കാത്തവരേയും അതുപോലെ നേരിടും. ഇവിടെ യേശു നിരാശപ്പെടുകയാണ്. അവൻ നമ്മിൽ നിന്നും അധികമായി പ്രതീക്ഷിക്കുന്നു.

എല്ലാറ്റിലും കഠിനമേറിയതാണ് മൂന്നാമത്തേത്. നിങ്ങൾക്കു ശരിയായി അറിഞ്ഞുകൂടാത്തവരേയും നിങ്ങളെ വെറുത്തവരെയും, ഉപദ്രവിച്ചവരെയും ശപിച്ചവരെയും സ്നേഹിക്കണം എന്നു പറയുമ്പോൾ വിഷമമുണ്ടാകും. പക്ഷെ പ്രായോഗികമാക്കുമ്പോൾ അനവധി പ്രശ്നങ്ങൾ വരുവാനിടയുള്ളതു ഒഴിവാകും. യേശുക്രിസ്തു പറഞ്ഞതു: അവർക്കുവേണ്ടി പ്രാർത്ഥിക്കുക; അടിക്കുന്നവർക്കു മറുചെകിട് കാണിച്ചുകൊടുക്കുക, ചോദിക്കുന്നവർക്കു കൊടുക്കുക എന്നാണ്. നമുക്ക് എല്ലാവർക്കും ഇതു അറിയാം അല്ലേ? ലോകത്തിലുള്ളവർ അന്യോന്യം പെരുമാറേണ്ട രീതിയിലല്ല പെരുമാറുന്നതു. നമ്മോടു എതിർക്കുന്നവരോടു എതിർക്കുവാനുള്ള അവകാശം നമുക്കുണ്ട് എന്ന നയമാണ് നാം പ്രകടിപ്പിക്കുന്നതു. വീട്ടിൽ

ആയാലും ശരി, മറ്റെവിടെ ആയാലും സ്ഥിതിഗതികൾക്കു മാറ്റമില്ല. പ്രതികാരപൂർവ്വം പ്രതികരിച്ചില്ലെങ്കിൽ ആളുകൾ നമ്മെ തരം താഴ്ത്തി കളയുകയില്ലേ? പക്ഷെ ദൈവമോ?

✶

സ്ത്രീകൾക്കു വേണ്ടി

# വീട്ടിലെ അവളുടെ ശക്തിയിലൂടെ

**ബെറ്റി B.C.**

അബ്രഹാം ദൈവത്തെ വിശ്വാസത്തോടെ പിൻപറ്റിയിരുന്ന ഒരാളായതുകൊണ്ട് ദൈവം അവനോടു അരുളിച്ചെയ്തതു "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും; നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉല്പത്തി 12:2-3). തന്റെ ഭാര്യയെയും മക്കളേയും യഹോവയുടെ ഉപദേശപ്രകാരം നീതിയിൽ സഞ്ചരിപ്പാൻ അവരെ പ്രബോധിപ്പിക്കയും ചെയ്തു. യഹോവയുടെ ചട്ടങ്ങളും പ്രമാണങ്ങളും തന്റെ ഭവനത്തിനു മാർഗ്ഗദർശനമായിത്തീർന്നു.

അബ്രഹാമിന്റെ മകൻ ഇസഹാക്ക് ദൈവത്തിൽ വിശ്വസ്തനായി ജീവിച്ചുവന്നു. അവനു രണ്ടു പുത്രന്മാരുണ്ടായിരുന്നു; യാക്കോബും, ഏശാവും, ഏശാവ് വളർന്നപ്പോൾ അവൻ അന്യദേശക്കാരത്തികളായ സ്ത്രീകളെ വിവാഹം ചെയ്തു. അതുകൊണ്ട് അവന്റെ സന്തതികൾ ആ സ്വാധീനത്താൽ അന്യദേവന്മാരിലേക്കു തിരിയുകയുണ്ടായി. ഏശാവിന്റെ വിഗ്രഹാരാധികളായിരുന്ന ഭാര്യമാരെ കുറിച്ചു ഉൽപത്തി 26-ാം അദ്ധ്യായം 34-ാം വാക്യത്തിൽ പറയുന്നുണ്ട്. അക്കാരണത്താൽ ഇസഹാക്കിനും റിബേക്കെക്കും മനോവ്യസനമുണ്ടായതായും വ്യക്തമാക്കിയിരിക്കുന്നു. "പിന്നെ റിബേക്കായിസഹാക്കിനോടു: ഈ ഹിത്യ സ്ത്രീകൾ നിമിത്തം എന്റെ ജീവൻ

എനിക്കു അസഹ്യമായിരിക്കുന്നു; ഈ ദേശക്കാരത്തികളായ ഇവരെപ്പോലെയുള്ള ഒരു ഹിത്യസ്ത്രീയെ യാക്കോബ് വിവാഹം കഴിച്ചാൽ ഞാൻ എന്തിനു ജീവിക്കുന്നു? എന്നു പറഞ്ഞു (ഉല്പത്തി 27:46).

ദൈവത്തിലുള്ള വിശ്വാസത്തിൻമേലാണ് ഭവനം തീർക്കേണ്ട തെന്ന വിവാഹത്തിന്റെ യഥാർത്ഥ ആവശ്യത്തെയും റിബെക്കാ തിരിച്ചറിഞ്ഞിരുന്നു. അതു ഭാര്യയുടെയും ഭർത്താവിന്റെയും ഹൃദയത്തിൽ നിന്നും ഉൽഭവിക്കയും വേണം. ചരിത്രം മുഴുവനും പരിശോധിച്ചാൽ ഇതെത്ര മാത്രം പ്രാധാന്യമർഹിക്കുന്ന വസ്തുതയാണെന്നു മനസ്സിലാക്കാം. വിശ്വാസത്തിൽ തുല്യനിലവാരം പുലർത്തുന്നവനു മാത്രമെ വിവാഹം കഴിക്കാവൂ എന്നു പഠിപ്പിക്കുന്ന രക്ഷകർത്താക്കൾ എത്ര ബുദ്ധിയുള്ളവരാണെന്നു ഓർമ്മിക്കുക. അതു കൊണ്ട് ഉണ്ടാകുന്ന അനുഗ്രഹം എത്ര മാന്യമായതാണ് എന്ന് അനുഭവം തെളിയിക്കും.

റിബേക്കായുടെ നിർബ്ബന്ധപ്രകാരമാണ് യാക്കൊബ്, തന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ ഹാരാനിലെ വീട്ടിലേക്കു പോയതു. അവിടെ അവർ തന്റെ ചാർച്ചയിൽ പെട്ട സഹോദരിയായ റാഹേലിനെ കണ്ടുമുട്ടി. അവളോ ഏക സത്യദൈവത്തെ വണങ്ങി വന്നവളായിരുന്നു. ഉടനെ അവൻ അവളെ അഗാധമായി സ്നേഹിച്ചു. അതു കൊണ്ട് അവളെ ഭാര്യയായി കിട്ടുവാൻ വർഷങ്ങളോളം അവൻ അവിടെ സേവനം നടത്തി. അങ്ങനെ യാക്കൊബ് റാഹേലിനുവേണ്ടി ഏഴു സംവത്സരം സേവ ചെയ്തു; അവൻ അവളെ സ്നേഹിക്ക കൊണ്ട് അതു അവനു അൽപകാലം പോലെ തോന്നി (ഉല്പത്തി 29:20). അതിന്റെ അവസാനം ലാബാൻ ഒരു ഉപായം പ്രയോഗിച്ചു. അവന്റെ ഇളയ മകൾ റാഹേലിന്നുപകരം മൂത്ത മകളെ വിവാഹം കഴിച്ചു കൊടുത്തു.

സൃഷ്ടിയുടെ ആരംഭത്തിൽ വിവാഹത്തിനുള്ള ദൈവപദ്ധതി ഒരു പുരുഷനു ഒരു ഭാര്യ എന്നതായിരുന്നു. ആദാമിനെയും ഹവ്വയെയും സംബന്ധിച്ചു ദൈവം പറഞ്ഞിരുന്നതു: അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായിത്തീരും (ഉൽപത്തി 2:2) എന്നാണ്.

ദൈവേഷ്ടത്തിനു വിപരീതമായി ആ കാലത്തു ഒന്നിലധികം

ഭാര്യമാരെ എടുക്കുക എന്ന സമ്പ്രദായം പൊതുവായി സ്വീകരിക്കപ്പെട്ടു. ദൈവം അതിനു സമ്മതം നൽകിയില്ലെങ്കിലും ദൈവം അതു സഹിച്ചു വന്നു. യാക്കോബിന്റെ കാര്യത്തിലാണെങ്കിൽ അവൻ റാഹേലിനെ സ്നേഹിച്ചു. അതുകൊണ്ട് അൻ അവളെ തിരഞ്ഞെടുത്തു. അവൻ അവളെ മാത്രമെ വിവാഹം കഴിക്കുമായിരുന്നുള്ളു. ഏഴു വർഷത്തോളം അവൻ അവളോടുള്ള ഉടമ്പടിയിൽ തന്നെ നിലനിന്നു. തന്റെ മണവാട്ടി റാഹേൽ ആയിരിക്കും എന്ന ഉത്തമമായ വിശ്വാസത്തോടു കൂടെയാണ് അവൻ അത്രയും കാലം കാത്തിരുന്നതു. ആ ഒരു ലക്ഷ്യത്തോടെയാണ് അവൻ വിവാഹത്തിലേക്കു പ്രവേശിക്കുന്നതും. എന്നാൽ സംഭവിക്കുന്നതു അവന്റെ മനസ്സിൽ പോലും ചിന്തിക്കാത്ത കാര്യമാണ്. നേരം വെളുത്തപ്പോൾ അതു ലേയാ എന്നു കണ്ടു അവൻ ലാബാനോടു നീ എന്നോടു ചെയ്തതു എന്തു? റാഹേലിനുവേണ്ടിയല്ലയോ ഞാൻ നിന്നെ സേവിച്ചതു? നീ എന്തിനു എന്നെ ചതിച്ചു എന്നു പറഞ്ഞു (ഉല്പത്തി 29:25).

ലാബാന്റെ വിവരണമെന്തെന്നാൽ അവരുടെ സമ്പ്രദായമനുസരിച്ച് മൂത്ത മകൾ നിൽക്കുമ്പോൾ ഇളയ മകളെ വിവാഹം ചെയ്തു കൊടുക്കുന്നതു യോഗ്യമല്ല എന്നതായിരുന്നു. വീണ്ടും ഒരേഴുവർഷം കൂടെ അവൻ ലാബാനെ സേവിച്ചാൽ റാഹേലിനെ അവനു ഭാര്യയായി കൊടുക്കാമെന്നു അവൻ നിർദ്ദേശിച്ചു. യാക്കൊബ്, റാഹേലിനെ അത്രക്കു സ്നേഹിച്ചതുകൊണ്ട് യാക്കൊബ് ആ നിർദ്ദേശം അംഗീകരിച്ചു.

ബഹുഭാര്യാത്വം പരിശീലിച്ചതുകൊണ്ടുണ്ടായ അനന്തരഫലങ്ങൾ സംഭവിച്ചതു എന്തായിരുന്നു? അവർ സന്തോഷമുള്ള വലിയ കുടുംബമായി ജീവിച്ചോ? ഇല്ല. യാക്കൊബ് ലേയയെക്കാൾ റാഹേലിനെ സ്നേഹിച്ചു എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത് (ഉൽപത്തി 29:30). അവൻ തിരഞ്ഞെടുത്തതു റാഹേൽ ആയിരുന്നതുകൊണ്ട് സ്വാഭാവികമായും അങ്ങനെയേ സംഭവിക്കയുള്ളൂ. എന്നാൽ ഇതു അസൂയക്കു കാരണമായിത്തീർന്നു. അധികം സ്നേഹിക്കപ്പെടാതിരുന്ന ലേയ ഒരു മകനെ പ്രസവിച്ചു. അവൾ അവനു രൂബേൻ എന്നു പേരിട്ടുകൊണ്ടു പറയുന്നു: "യഹോവ എന്റെ സങ്കടം കണ്ടു; ഇപ്പോൾ എന്റെ ഭർത്താവ് എന്നെ സ്നേഹിക്കും" (ഉൽപത്തി 29:32). സ്നേഹിക്കപ്പെടാത്ത ഒരു ഭാര്യയുടെ ധർമ്മസങ്കടം അവളുടെ

പ്രസ്താവനയിലുണ്ട്. രണ്ടാമതും ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു "ഞാൻ അനിഷ്ഠം എന്നു യഹോവ കേട്ടതുകൊണ്ടു ഇവനെയും എനിക്കു തന്നു എന്നു പറഞ്ഞ് അവനു ശിമെയോൻ എന്നു പേരിട്ടു.

താൻ യാക്കൊബിനു മക്കളെ പ്രസവിക്കുന്നില്ല എന്നു റാഹേൽ കണ്ടു തന്റെ സഹോദരിയോടു അസൂയപ്പെട്ടു യാക്കോബിനോടു: എനിക്കു മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്നു റാഹേൽ പറഞ്ഞു (ഉൽപത്തി 30:1). അതുപോലെയുള്ള വേദനയും വൈകാരിക യാതനയുമാണ് ഈ സഹോദരിമാരുടെ വാക്കുകളിൽ നാം കാണുന്നതു.

വർഷങ്ങൾ കടന്നുപോയപ്പോൾ ഈ സ്ത്രീകൾ രണ്ടും അവരുടെ ദാസിമാരെ യാക്കൊബിനു നൽകി അവർക്കുണ്ടാകുന്ന മക്കൾ തങ്ങളുടേതായിരിക്കും എന്നു അവകാശപ്പെടുകയും ചെയ്തു. ഇതും ആ കാലയളവിൽ ഒരു പരിശീലനമായി മാറി. അവസാനം റാഹേൽ യോസേഫിനു ജന്മം നൽകയും അവൻ യാക്കോബിനു പ്രിയ മകനായി മാറുകയും ചെയ്തു. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ ബെന്യാമീനു ജന്മം നൽകിയശേഷം റാഹേൽ മരിച്ചുപോയി.

ബഹുഭാര്യാത്വം ഇടകലർന്നപ്പോൾ, യാക്കൊബ്, ലേയ, റാഹേൽ അവരുടെ മക്കൾ എന്നിവരിൽ അസൂയ, പ്രിയം, മൽസരം എന്നിവ മാറി മാറി അനുഭവപ്പെട്ടു. അതു സന്തോഷമാണോ ദുഃഖമാണോ അവരുടെ ജീവിതത്തിൽ നേരിട്ടതു? ഈ ഭാര്യമാർക്കു അവരുടെ ഭർത്താക്കന്മാരിലും മക്കളിലും എന്തു സ്വാധീനമാണ് ചെലുത്താൻ കഴിഞ്ഞത്? മാനസികമായി അവർക്കു സ്വസ്ഥത കിട്ടിക്കാണുകയില്ല. അവർ സ്വീകരിച്ച ജീവിത മാർഗ്ഗത്തിലെ അപാകതയുടെ ഫലം അവരെ അനുഗമിച്ചുകൊണ്ടിരുന്നു.

മറ്റു കാലങ്ങളിലും ഇതുപോലെയുള്ള സംഭവം ഉണ്ടായിട്ടുണ്ട്. പിന്നീടുള്ള ഭാഗങ്ങൾ വായിക്കുമ്പോൾ അവർ വൈകാരികമായി എത്രത്തോളം വിഷമം നേരിട്ടു എന്നും അവരുടെ കണ്ണുനീർ തോരാതിരുന്നു എന്നും കാണപ്പെടുന്നു. ദൈവവഴിയാണ് ഏറ്റവും നല്ല വഴിയെന്നു അനുഭവത്തിലൂടെ അവർ മനസ്സിലാക്കി.

ഇന്നും ഈ ദൃഷ്ടാന്തങ്ങൾ നമ്മെ പഠിപ്പിക്കുന്നതു മറ്റൊന്നു

മല്ല. നമ്മുടെ ജീവിതം ശോഭനമാകണമെങ്കിൽ ദൈവകൽപനപ്രകാരമുള്ള ജീവിതമായിരിക്കും ഭർത്താക്കൻമാർക്കും മക്കൾക്കും ഒരുപോലെ സന്തോഷം ഉണ്ടാക്കുന്നവരുമായിരിക്കും നാം.

# ക്രിസ്തുവിന്റെ സഭ എന്നാൽ എന്ത്?

## G.F. റെയിൻസ്

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള പെന്തെകൊസ്തു നാളിൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ യെരുശലേം പട്ടണത്തിൽ ക്രിസ്തുവിന്റെ സഭ സ്ഥാപിതമായതായി നാം അപ്പൊസ്തലപ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ട്. തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപ് കർത്താവ് ശിഷ്യന്മാർക്കു നല്കിയ മഹത്തായ ആജ്ഞ അനുസരിച്ച് പത്രൊസ്, ആ ദിവസം യേശുവിന്റെ നാമത്തിൽ ഉള്ള പാപമോചനം പ്രസംഗിച്ചു (മത്തായി 28:18-20 ; മർക്കൊസ് 16:15-16; ലൂക്കൊസ് 24:46-47). ഇതു ദൈവത്തിന്റെ മുൻനിർണ്ണയിച്ച പദ്ധതിയായിരുന്നു.

സുവിശേഷത്തിൽ വിശ്വാസം അർപ്പിക്കുന്നവർ തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റ് അനുസരണം പൂർത്തിയാക്കി കഴിയുമ്പോൾ അവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയിലേക്കു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:36-47). ആ ദിവസം സുവിശേഷം വിശ്വസിച്ച് അനുസരിച്ച് പ്രവർത്തിച്ച യെഹൂദന്മാരെ പോലെ നിങ്ങളും ഇന്നു അതേ സുവിശേഷം വിശ്വസിക്കയും അനുസരിക്കയും ചെയ്താൽ അവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയിലേക്കു ചേർത്തതുപോലെ നിങ്ങളെയും രക്ഷിച്ചു അവന്റെ സഭയിലേക്കു ചേർക്കും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്തായി 16:18). കാരണം ദൈവം മുഖപക്ഷം നോക്കാതെ, തന്നെ അനുസരിക്കുന്ന, നീതി പ്രവർത്തിക്കുന്ന, ഭയപ്പെടുന്ന ഏവരെയും അവൻ അംഗീകരിക്കുന്നു (പ്രവൃത്തികൾ 10:34-35).

പെന്തെകൊസ്തുനാളിൽ മൂവായിരം യെഹൂദന്മാർ എന്തു ചെയ്തു സഭയിലേക്കു ചേർക്കപ്പെട്ടുവോ അതുചെയ്തു സഭയിലേക്കു ചേർക്കപ്പെട്ട ഒരു കൂട്ടം ആളുകളാണ് ക്രിസ്തുവിന്റെ സഭയിൽ ഉള്ളതു. അതു ക്രിസ്തുവിന്റെ ശരീരമാണ് (എഫെസ്യർ 1:20–23; കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെ ഓരോ ഇടവകകളായി സംഘടിപ്പിച്ചിരിക്കുന്നു. അവരെ എല്ലാം ചേർത്തു ക്രിസ്തുവിന്റെ സഭകൾ എന്നു വിളിച്ചിരിക്കുന്നു (റോമർ 16:16). പുതിയ നിയമകാലത്തിലെ പ്രാരംഭസമയത്ത് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ആരാധിച്ചിരുന്നതുപോലെ ഞങ്ങൾ ആരാധിക്കുന്നു (യോഹന്നാൻ 4:24). ഒന്നാം നൂറ്റാണ്ടിലെ സഭ ഏതെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നുവോ അതേ പ്രവർത്തനങ്ങളിൽ ഞങ്ങൾ വ്യാപൃതരായിരിക്കുന്നു (പ്രവൃത്തികൾ 6:1–6; എഫെസ്യർ 4:14–16; 1 തിമൊഥെയൊസ് 3:15). അതുകൊണ്ട് ക്രിസ്തുവിന്റെ സഭ ഇന്ന് ഒരു നാമധേയ മതസംഘടനയല്ല. നാം ബൈബിളിൽ പുതിയ നിയമത്തിൽ വായിക്കുന്ന സഭയുടെ പ്രത്യുൽപാദനം മാത്രമാണ്.

തെറ്റായ പ്രമാണം, തെറ്റായ ഉപദേശം, തെറ്റായ ആരാധന, തെറ്റായ സംഘടന, തെറ്റായ പേർ ശരിയായ സഭയായി അറിയപ്പെടുകയില്ല. എന്നാൽ ശരിയായ പ്രമാണം, നേരായ ഉപദേശം, നേരായ ആരാധന, നേരായ സംഘടിപ്പിക്കൽ, നേരായ നാമം എന്നിവ അതേ കാരണത്താൽ തെറ്റായ സഭയായി അറിയപ്പെടുന്നില്ല.

യേശുക്രിസ്തു പണിതതായ സഭയെക്കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നതു, നിങ്ങളുടെ പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയിൽ ചെന്നു പരിശോധിച്ച് മനസ്സിലാക്കുവാൻ ഞങ്ങൾ ആദരവോടുകൂടെ നിങ്ങളോടു അപേക്ഷിക്കുകയാണ് ചെയ്യുന്നതു. സത്യം അറിയുവാൻ ദൈവം തന്നിരിക്കുന്ന അവസരം നാം ശരിയായി ഉപയോഗിക്കുക. വിശ്വാസം ഏറ്റു പറച്ചിൽ, മാനുഷ പ്രമാണം എന്നിവ ക്രിസ്തുവിന്റെ സഭ നിരാകരിച്ചിരിക്കുന്നു.

കാരണങ്ങൾ സ്പഷ്ടമാണ്. അവ, യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു അപ്പുറമായി കൂട്ടായ്മയുടെ പരിശോധനയിൽ വിശ്വാസികളെ ഭിന്നിപ്പിക്കുന്നു. അവ അനാവശ്യമാണ്. സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവരാകുവാൻ പര്യാപ്തമായ

വിശുദ്ധ വചനമാണ് ദൈവം തന്നിരിക്കുന്നതു (2 തിമൊഥെയൊസ് 3:16–17). മുൻപറഞ്ഞവയെല്ലാം ദൈവശ്വാസീയമല്ലാത്ത ഉല്പന്നങ്ങളുടെ ഊഹാപോഹങ്ങൾ മാത്രമാണ്.

മനുഷ്യനിർമ്മിതമായ പ്രമാണങ്ങളും നിയമാവലികളും വിശ്വാസപ്രമാണം ഏറ്റുപറച്ചിലും പാപങ്ങൾ ഏറ്റുപറച്ചിലും മറ്റും മനുഷ്യരെ ബന്ധിപ്പിക്കുന്ന മാനുഷിക അഭിപ്രായങ്ങളാണ്. ദൈവവചനവുമായി അവയ്ക്കൊന്നും യാതൊരു ബന്ധവുമില്ല.

ഇന്നു വിശ്വാസത്തിനും പരിശീലനത്തിനും നിയമമായി നാമെല്ലാം പിൻപറ്റേണ്ടതു സുവിശേഷമാണ്. താഴെ പറയുന്ന കാരണങ്ങൾ അതിനു ഉപോൽബലകമാണ്.

ക്രിസ്തുവിനാണ് സകല അധികാരവും (മത്തായി 28:18). ക്രിസ്തു എന്ന ഏക നിയമകർത്താവ് ആണ് ഉള്ളതു (യാക്കൊബ് 4:12). ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ദൈവജ്ഞാനത്തിൽ നമ്മുടെ വിശ്വാസം സ്ഥാപിക്കുന്നു (1 കൊരിന്ത്യർ 2:1–5). ക്രിസ്തുവാണ് സഭയുടെ തല (എഫെസ്യർ 1:20–23; കൊലൊസ്യർ 1:18). ക്രിസ്തുവിൽ നാം പൂർണ്ണരാകുന്നു (കൊലൊസ്യർ 2:10). നാം എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യണം (കൊലൊസ്യർ 3:17). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോകുന്നതു പാപമാകുന്നു (2 യോഹന്നാൻ 9). മനുഷ്യന്റെ വഴിയല്ല ദൈവത്തിന്റെ വഴി (സദൃശവാക്യങ്ങൾ 14:12). സകലതും പരിശോധിക്കുക; സത്യം മാത്രം സ്വീകരിക്കുക (പ്രവൃത്തി 17:11).

✶

# ഏറ്റവും ആവശ്യമുള്ള ആറു കാര്യങ്ങൾ

### ജാക്ക് ഗ്രേ

സഹോദരവർഗ്ഗത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങൾ എന്തെല്ലാമാണ് എന്നാണ് അദ്ദേഹം കരുതുന്നതു എന്ന് അനേക വർഷങ്ങൾക്കു മുൻപ് ഗസ് നിക്കോളസിനോടു ഒരാൾ ചോദിക്ക

യുണ്ടായി. പരമപ്രധാനമായ ആവശ്യങ്ങളെയാണ് അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചതു.

1. അംഗങ്ങളുടെ പരിവർത്തനം:- സ്നാനത്തേക്കാൾ കൂടുതൽ പലതും ഉള്ളടങ്ങുന്ന ഒന്നാണ് വീണ്ടും ജനനം. നമ്മളിൽ പലരും വെള്ളത്താലും ആത്മാവിനാലും ജനിച്ചവരാണ്. അതു കൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല. ഇങ്ങനെ സ്നാനമേറ്റവർ; യേശു ദൈവപുത്രനാണെന്നും നമ്മുടെ ജീവിതത്തിന്റെ കർത്താവാണെന്നും വിശ്വസിച്ചവരാണ്. ക്രിസ്ത്യാനിത്വത്തെ ഒരു സാധാരണ സമീപനമായി കാണുന്ന അനേകം ക്രിസ്ത്യാനികൾ ഉണ്ട്. പരിവർത്ത്നം വാസ്തവത്തിൽ ഒരാളുടെ ജീവിതവും തീരുമാനവും യേശുവിനു കീഴ്പ്പെടുത്തുക എന്നതാണ്. നമ്മുടെ ജീവിതത്തിൽ എല്ലായ്പ്പോഴും അവൻ നമ്മുടെ കർത്താവ് എന്ന കാര്യം നാം മറക്കരുത്.

2. തുടർച്ചയായ സാന്നിദ്ധ്യം:- ഒരു ക്രിസ്ത്യാനിയാവുക എന്നാൽ സന്നിഹിതനാവുക എന്നതിനേക്കാൾ ഉപരിയാണ്. നിരന്തരമായ ആരാധനയും ബൈബിൾ പഠനവും കൂടാതെ ഒരാൾക്കും താൻ യഥാർത്ഥ ക്രിസ്ത്യാനി എന്നു പറയാൻ ധൈര്യം ഉണ്ടാകുകയില്ല. ഉപേക്ഷിക്കാവുന്ന കർത്തവ്യമല്ല ഇതു. പരിജ്ഞാനമില്ലാതെ വരുമ്പോൾ വളർച്ചയില്ല. ആരാധനയില്ലാതെ വന്നാൽ ആത്മിയ ജീവൻ ഇല്ലാത്ത സാധാരണ പാപിയായി അധഃപതിക്കുന്നു.

3. വിശുദ്ധീകരണം:- ക്രിസ്ത്യാനികളും ലോകത്തുള്ള ആളുകളും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കണം. ഈ നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്തെന്നാൽ അവർ ലോകത്തിന്റെ ഒഴുക്കിനു അനുസരിച്ച് നീന്തുന്നു എന്നുള്ളതാണ്. ലോകത്തിൽ നിന്നും വേർപെട്ട സ്വഭാവം കാണേണ്ടവരിൽ ലോകത്തുള്ളവരുടെ സ്വഭാവം തന്നെ കണ്ടെത്തിയാൽ വ്യത്യാസം ഒന്നുമില്ലല്ലോ. മനസു പുതുക്കി രൂപാന്തരം വരുത്തേണ്ടവരാണ് ഇങ്ങനെ തരംതാഴ്ന്നുകാണുന്നതു. ഇതു ഗുരുതരമായ വീഴ്ചയാണ്.

4. ഔദാര്യം:- യാഗത്തെക്കുറിച്ചും ഉദാരമായി നല്കുന്നതിനെ കുറിച്ചും അധികം അധികമായി പഠിക്കുന്നവരാണ് കർത്താവിന്റെ ജനങ്ങൾ. ആധുനിക ചരിത്രത്തിലെ പ്രാരംഭഘട്ടത്തിൽ കർത്താ

വിന്റെ സഭ കോടിക്കണക്കിനു രൂപ ശേഖരിക്കുവാനും അതിനു വലിയ വലിയ പദ്ധതികളും ആവിഷ്ക്കരിക്കയുണ്ടായി. എന്നാൽ സുദീർഘമായ കാലയളവിലേക്കു സഭാപ്രവർത്തനങ്ങൾ നടത്തേണ്ടവരുടെ ഔദാര്യപൂർവ്വമുള്ള നല്കൽ എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും ആവശ്യമാണ്. പ്രാപ്തിപോലെ ഓരോരുത്തൻ താന്താനുള്ളതു ചരതിച്ച് വെച്ച് കർത്താവിനു കൊടുക്കുവാൻ മടിക്കരുതു. വ്യക്തിപരമായ ഈ പ്രവൃത്തി ആരും ഉപേക്ഷയായി തള്ളിക്കളയരുത്.

5. ഐക്യം:- ധാരാളം ഇടവകകൾ ഇന്നു വിയോജിപ്പിലും ഭിന്നിപ്പിലും അകന്നു കഴിയുകയാണ്. സഭ ഒന്നു തന്നെ വിശ്വസിക്കയും ഒരേ ലക്ഷ്യത്തോടെ പ്രവർത്തിച്ച് ഒരേ പ്രത്യാശക്കായി കാത്തിരിക്കുന്നവരും ആയിരിക്കണം. അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ അനൈക്യമായിരിക്കും ഫലം. പരസ്പരം ആദരിക്കയും സഭയുടെ വളർച്ചക്കുവേണ്ടി വിട്ടുവീഴ്ച്ച അഭിപ്രായങ്ങളിൽ വരുത്തി യോജിപ്പിൽ എത്തണം. അന്യോന്യമുള്ള സ്നേഹമാണ് ഇതിനു വേണ്ടതു.

6. അറിയപ്പെട്ട നേതൃത്വം:- ബൈബിൾ എന്തു പറയുന്നു എന്നതിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം നടത്തിപ്പുകാർ. നായകന്മാർ ജനത്തെ ശരിയായി അറിയുന്നവരായിരിക്കണം. എവിടെ പോകണം, എങ്ങനെ ആളുകളെ നയിക്കണം എന്നിവ അറിയുന്നവരായിരിക്കണം അവർ. ദൈവത്തിനു മുൻഗണന നൽകി സഭയെ സേവിക്കുന്ന സത്യതൽപരരായിരിക്കണം അദ്ധ്യക്ഷന്മാർ പരിജ്ഞാനപൂർത്തി പ്രാപിച്ചവർക്കേ ഇത്തരത്തിലുള്ള കഴിവുകൾ ഉണ്ടായിരിക്കു.

മുൻ വിവരിച്ച കാര്യങ്ങൾ എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. ഈ ഗുണഗണങ്ങൾ ഓരോരുത്തരും കാത്തുസൂക്ഷിച്ചാൽ ലോകം മുഴുവൻ ക്രിസ്തുവിങ്കലേക്കു ആകർഷിക്കപ്പെടും. അതിനു നിങ്ങളും തയ്യാറാവുമല്ലൊ.

പരിവർത്തനം എല്ലാ അംഗങ്ങളിലും ഉണ്ടായിരിക്കണം എന്നു പറയുമ്പോൾ അതിൽ നിന്നു ആരെയും ഒഴിവാക്കാവുന്നതല്ല. മനസ്സിനും ജീവിതത്തിനും കാതലായ വ്യത്യാസം ഉണ്ടാകണം. അതു ദൈവേഷ്ടപ്രകാരവുമായിരിക്കണം. സഭായോഗം മുടക്കരുതു എന്നു

പറയുമ്പോൾ ദൈവത്തോടും സഹസഹോദരങ്ങളോടും ഉള്ള ബന്ധം നിരന്തരമായി കാത്തുകൊള്ളണം എന്നതു വ്യക്തമാണ്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭ കൂടിവരുന്നതു ദൈവത്തെ ആരാധിക്കുവാൻ കൂടെയാണ്. എല്ലാവർക്കും അതിന്റെ പ്രയോജനം ലഭിക്കണം. അതുകൊണ്ട് അതു ഉപേക്ഷയായി വിചാരിക്കരുത്. ജഡികശുദ്ധിയേക്കാൾ ആത്മികശുദ്ധിക്കു പ്രാധാന്യം കൊടുക്കണം. ദൈവത്തിന്റെ ആത്മാവിനെ ഒരിക്കലും നാം ദുഃഖിപ്പിക്കരുതു. ഹൃദയവിശുദ്ധീകരണം വചനത്താലും യേശുവിന്റെ രക്തത്താലും സാദ്ധ്യമാവുന്ന ഒന്നാണ്. സംശുദ്ധമായ ജീവിതം യേശുവിന്റെ ശിഷ്യന്മാർക്കു പരമപ്രധാനമാണ്.

ധർമ്മശേഖരണം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നടത്തുന്നതു ഓരോരുത്തരുടേയും പ്രാപ്തിയും ഹൃദയനിശ്ചയവും വ്യക്തമാക്കുന്നതാണ്. സുവിശേഷപ്രവർത്തനങ്ങളും വിശുദ്ധന്മാരുടെ മുട്ടു തീർക്കലും നടത്തുക എന്ന ഉദ്ദേശമാണ് ഇതിൽ ഉള്ളതു. യോജിപ്പും പരസ്പര ധാരണയും നാം ഓരോരുത്തരും പരിരക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതാണ് ക്രിസ്ത്യാനിത്വത്തിന്റെ മഹത്വം. ശരിയായ നേതൃത്വവും അവഗണിക്കാനാവാത്ത ഘടകമാണ്. ഈ ലോകജീവിതത്തിൽ നമ്മെ ശ്രേഷ്ഠരാക്കുന്ന ഈ ആറു കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ വളരെ നല്ലതു. ഇല്ലെങ്കിൽ അതു നിങ്ങൾ പ്രാവർത്തികമാക്കുക.

✶

# ക്രൂശിന്റെ വഴി

## ജോണി രാംസെ

പ്രായശ്ചിത്തം: "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവർ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു. നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിന്റെ

പാപത്തിനും തന്നെ (1 യോഹന്നാൻ 2:1-2). ബലവാന്റെ വീടു കവർന്നെടുക്കത്തക്ക ശക്തിയാണ് കർത്താവിൽ നാം കാണുന്നതു. സാത്താൻമേൽ വിജയം കണ്ടെത്തിയ രക്ഷകന്റെ ദൈവശക്തിയിൽ നമുക്കു ആശ്രയിക്കാം. ലോകശക്തിയേക്കാൾ അപാരമായ ശക്തിയാണ് അവന്റേതു (മത്തായി 12:29; 1 യോഹന്നാൻ 4:4). ഇപ്പോൾ നമുക്കു നമ്മുടെ പിതാവിനോടു സമാധാനം പുലർത്താം. കർത്താവിനോടു കൈകോർത്തു സഞ്ചരിക്കാം (കൊലൊ. 1:10). ശൌൽ ഒരിക്കൽ കർത്താവിന്റെ ശത്രുവായി പ്രവർത്തിച്ചിരുന്നു. എന്നാൽ അവൻ സുവിശേഷം അനുസരിച്ചപ്പോൾ അവന്റെ പാപം കർത്താവ് കഴുകികളഞ്ഞു (പ്രവൃത്തി 22:16). അവന്റെ പാപഭാരമാകുന്ന കുറ്റാരോപണവും മത്സരവും പാപവും അതോടെനീങ്ങിപോയി. തർസൊസുകാരനായ ശൌലിനു കർത്താവിന്റെ മഹത്തായ വാഗ്ദത്തങ്ങൾ നല്കുന്ന രക്തം ദൈവത്തിന്റെ ഭവനത്തിലേക്കു തിരിച്ചു വരുവാനുള്ള ഒരു പാലമായി തീർന്നു.

**നിങ്ങളെ ഒരു വില കൊടുത്തു വാങ്ങിയതാണ്**

നമ്മുടെ ശ്രദ്ധയെ വെല്ലുവിളിക്കുന്ന ഒരു രത്നത്തെ നാം 1 കൊരിന്ത്യർ 6-ാം അദ്ധ്യായം 19-ഉം 20-ഉം വാക്യങ്ങളിൽ കാണുന്നു. "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ. എല്ലാവരും നഷ്ടപ്പെട്ട അവസരത്തിൽ സാത്താൻ ഏറ്റവും വലിയ ലൗകികമായ വില മനുഷ്യർക്കായി ഉയർത്തുമ്പോൾ നമ്മുടെ ദൈവം സ്വന്തജീവൻ എന്ന വലിയ വില നമ്മുടെ ആത്മാവിന്റെ രക്ഷക്കായി നല്കി. അങ്ങനെ നമ്മുടെ നിത്യനാശം ഒഴിവായി.

ആത്മാക്കളുടെ എതിരാളിയും നാശയോഗ്യനുമായ സാത്താന്റെ കയ്യിൽ നമ്മൾ നിത്യനായി നഷ്ടപ്പെട്ടുപോകുന്നതു ഒഴിവാക്കുവാൻ നമ്മെ ഉണ്ടാക്കിയ നമ്മുടെ സൃഷ്ടികർത്താവായ ദൈവം നമ്മെ സഹായിച്ചു (1 പത്രൊസ് 5:8). ഒരു നിഷ്ഠൂരന്റെ കയ്യിലെ അടിമത്വത്തിൽ നിന്നു സമാധാനരാജാവിന്റെ കയ്യിലെ സ്വാതന്ത്ര്യത്തിലേ

ക്കാണ് നമ്മെ വീണ്ടെടുത്തതു. ദൈവപുത്രന്റെ സ്വാതന്ത്ര്യം അനുഭവവേദ്യമാക്കിയതു വില മതിക്കാനാവാത്ത യേശുവിന്റെ രക്തമാണ് (ഗലാത്യർ 5:17). ദൈവം നമ്മിൽ നിന്നു ചെയ്യുവാൻ ആഗ്രഹിക്കുന്നവ ചെയ്യുവാൻ നമുക്കു സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. അകൃത്യത്തിന്റെ അടിമത്വത്തിൽ നിന്നു വിടുവിക്കുന്ന രക്ഷകനെ നാം സന്തോഷത്തോടുകൂടെ അനുസരിക്കയും സേവിക്കയും ചെയ്യുകയില്ലേ?

**രക്തത്തിന്റെ വില**

ലോകചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ക്രൂശിലെ അനർഘനിമിഷങ്ങൾ. കുഞ്ഞാടിന്റെ രക്തത്തിനു വിലയുണ്ട്. യേശുക്രിസ്തുവിന്റെ രക്തത്തിനുള്ള വില, അപ്രമേയമായ ധനമായി തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കയാണ്. ഈ സത്യമാണ് നമ്മുടെ രക്ഷക്കു നിദാനമായി മാറിയതു.

രക്തമെന്നതു അത്യാവശ്യഘടകമാണ് (പ്രവൃത്തി 8:32-33). സാത്താന്റെ കുടുക്കിൽ നിന്നു മനുഷ്യരെ വിടുവിക്കുവാൻ ഒരാൾ സ്വയമായി തയ്യാറാവുന്ന മനോഹര ചിത്രമാണ് യെശയ്യാവ് 53-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നതു. അവൻ ഏറ്റതും സഹിച്ചതുമായ അടിപ്പിണരുകൾ നമ്മുടെ ആത്മിയ സൗഖ്യത്തിനായിരുന്നു. നമ്മെ ശുദ്ധീകരിച്ച് വെടിപ്പാക്കുവാൻ അവന്റെ രക്തം അനിവാര്യമായിത്തീർന്നു. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൻമേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു; ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങിവന്നിരിക്കുന്നു (1 പത്രൊസ് 2:24-25).

ക്രിസ്തുവിന്റെ രക്തം മതിയായതാണ്, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസുവെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മൽസരിക്കുന്നു എങ്കിലോ നിങ്ങൾ വാളിന്നിര

യായിത്തീരും; യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു (യെശയ്യാവ് 1:18-20). യേശുവിന്റെ മരണത്തിനു മാത്രമെ മനുഷ്യരുടെ പാപം നീക്കുവാൻ കഴിയുന്നുള്ളു.

ക്രിസ്തുവിന്റെ രക്തം സഹിക്കുന്ന ഒന്നാണ്. വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടം ദൈവദാസനായിരുന്ന മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്നതു എത്ര സന്തോഷകരമാണ് (വെളിപ്പാട് 15:3). മോശെയുടെ കാലത്തു ഇസ്രായേൽ പാടിയ പാട്ട് ഇവിടെ ഓർപ്പിക്കുകയാണ്. ചെങ്കടൽ കടത്തി അത്ഭുതകരമായി ദൈവം അവരെ നടത്തികൊണ്ടു പോയതിന്റെ നന്ദി സൂചനയായിട്ടാണ് അവർ അതു ചെയ്തതു. നമ്മുടെ രക്ഷകന്റെ മരണത്താൽ വിജയം വരിച്ച കുഞ്ഞാടിന്റെ രക്തം എത്ര മാത്രം ക്ഷമിക്കയും പൊറുക്കയും ചെയ്യുന്നതാണ് എന്നു തിരുവചനം നമ്മെ ഗ്രഹിപ്പിക്കുന്നു (കൊലൊസ്യർ 1:20; റോമർ 8:35-37).

ക്രിസ്തുവിന്റെ രക്തം സ്വീകാര്യമാണ്. സഹോദരൻമാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ (റോമർ 12:1). ദൈവത്തിന്റെ നിറഞ്ഞൊഴുകുന്ന കരുണയും മനസ്സലിവും സ്നേഹവും നിമിത്തമാണ് നമുക്കു വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ കഴിയുന്നതു (1 തിമൊഥെയൊസ് 6:12).

# ക്രിസ്തുവിനെ അനുകരിക്കൽ

## ഡേവിഡ് തർമാൻ

നഷ്ടപ്പെട്ടവനെ രക്ഷിക്കുക എന്ന തന്റെ ശുശ്രൂഷയിൽ നിന്നും അവൻ വേർപെട്ട് തന്റെ പാരമ്പര്യത്തിലേക്കു യേശു തിരിഞ്ഞുനിന്നില്ല എന്ന പ്രത്യേകതയാണ് നാം കാണുന്നതു. ഇതു തന്റെ സ്നേഹത്തിൽ നിന്നും ഉയർന്ന ഒരു സ്വഭാവമായിരുന്നു. ഇടയൻ ഇല്ലാത്ത ആടുകളെപോലെ വലിയൊരു പുരുഷാരം കഴിയുന്നതു കണ്ടപ്പോൾ

അവനു അവരോടു മനസ്സലിവു ഉണ്ടായി (മർക്കൊസ് 6:34). നഷ്ടപ്പെട്ട ആളുകളുടെ അവസ്ഥയിൽ അവരോടു യേശുക്രിസ്തുവിനു അനുകമ്പ തോന്നാതിരുന്നിട്ടില്ല. ഈ സന്ദർഭത്തിൽ അവൻ തന്റെ ശിഷ്യന്മാരെ വിളിച്ച് വേറിട്ട് കൊണ്ടുപോകാൻ ഒരുങ്ങുകയായിരുന്നു. എങ്കിലും പുരുഷാരം അവനെ പിൻചെന്നപ്പോൾ അവൻ അവരെ പഠിപ്പിക്കുവാനും അവർക്കുവേണ്ട ഭക്ഷണം നല്കുവാനും തയ്യാറായി. ജീവിതത്തിൽ ലക്ഷ്യമില്ലാതെ അലയുന്ന ആളുകളെ സഹായിക്കുക എന്നതാണ് തന്റെ ദൗത്യം എന്നു കർത്താവ് അറിഞ്ഞിരുന്നു.

നഷ്ടപ്പെട്ടവർക്കുവേണ്ടിയുള്ള യേശുവിന്റെ വിശപ്പ് മതപരമായ തന്റെ ബഹുമാനത്തേക്കാൾ വലുതായിരുന്നു. "അവൻ ആ സ്ഥലത്തു എത്തിയപ്പോൾ മേലോട്ടു നോക്കി സക്കായിയേ, വേഗം ഇറങ്ങിവാ: ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. കണ്ടവർ എല്ലാം അവൻ പാപിയായൊരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു (ലൂക്കൊസ് 19:5-7). മരത്തിന്റെ മുകളിൽ കയറി ഇരുന്നു തന്നെ ഒരു നോക്കു കാണുവാൻ ആഗ്രഹിച്ച സക്കായിയെ യേശുവിനു ഇഷ്ടമായി. യജമാനൻ അവനെ കണ്ടു സന്തോഷത്തോടെ അവന്റെ വീട്ടിൽ പോയി അവന്റെ മേശയിൽ നിന്നു ഭക്ഷിച്ചു. ഇതു മതപരമായ ആളുകൾക്കു യേശുവിനോട് നീരസത്തിനു കാരണമായി. ദൈവത്തെ പിൻപറ്റുന്ന യഥാർത്ഥ വ്യക്തി അങ്ങനെ പാപിയായ ഒരാളോടു സംസർഗ്ഗം നടത്തുകയില്ല എന്നാണ് അവർ കരുതിയത്. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നതു എന്നു പറയുന്നതു പോലെ ഒരു പാരമ്പര്യവിശ്വാസത്തിനും അവന്റെ പ്രവൃത്തിയെ പിന്തിരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

ക്രിസ്ത്യാനികൾ ഇന്നു യേശുക്രിസ്തുവിന്റെ സ്വഭാവത്തെയാണ് അനുകരിക്കേണ്ടതു. നഷ്ടപ്പെടുന്നവരെ നേടുന്നതിൽ നിന്നു നമുക്കു തടസമായി ഉണ്ടായിരുന്ന ചിന്ത, പാരമ്പര്യം, സ്വഭാവം ഇങ്ങനെ എന്തുതന്നെയായിരുന്നാലും അവയെല്ലാം ഉപേക്ഷിക്കണം. നമ്മുടെ ഇഷ്ടത്തേക്കാൾ ദൈവേഷ്ടത്തിനു പ്രാധാന്യം കൊടുക്കണം.

✶

# വാർത്തകൾ

## സർക്കാരുകൾക്ക് താക്കീതായി വ്യാപാരി സംഗമം

ചില്ലറ വിൽപനരംഗത്ത് കുത്തകകളുടെ കടന്നുകയറ്റത്തിന് എതിരെ അന്ത്യശ്വാസം വരെ പോരാടുമെന്ന പ്രഖ്യാപനവുമായി വ്യാപാരി വ്യവസായി ഏകോപന സമിതി സംഘടിപ്പിച്ച തൊഴിൽ സംരക്ഷണ സംഗമം കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് കനത്ത താക്കീതായി.

✱

## ജോസ് മാത്യുവിന്റെ കുടുംബം ഇപ്പോഴും കണ്ണീർക്കടലിൽ

ഇന്ത്യക്കാരായ ജോലിക്കാരുമായി മറ്റൊരു കപ്പൽ കൂടി കാണാതായെന്ന വാർത്ത എത്തുമ്പോഴും ആലപ്പുഴ ചമ്പക്കുളം കാട്ടാമ്പള്ളിൽ ജോസ് മാത്യുവിന്റെ ഭാര്യ മേരിക്കുഞ്ഞിന്റെയും മക്കളുടെയും മറ്റു കുടുംബാംഗങ്ങളുടെയും കാത്തിരിപ്പു തുടരുന്നു. 2005 സെപ്റ്റംബറിൽ ആഫ്രിക്കയുടെ തീരത്തു കാണാതായ ജൂപ്പിറ്റർ - 6 എന്ന ടഗ് ഷിപ്പിൽ ഉണ്ടായിരുന്നതാണു ജോസ് മാത്യു.

കപ്പലോട്ട നിയമങ്ങൾ പ്രകാരം ജൂപ്പിറ്റർ ആറിലെ ജീവനക്കാർ ജോലിയിൽ നിന്നു പിരിഞ്ഞിട്ടില്ല എന്നതു പരിഗണിച്ച് കുടുംബാംഗങ്ങൾക്കു ശമ്പളം നൽകുക, കപ്പൽ മുങ്ങിയെന്നു സർക്കാർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ കൂടുതൽ അന്വേഷണങ്ങൾ നടത്തുക, കപ്പലിന്റെ യഥാർത്ഥ ഉടമയുടെ പേരും മറ്റു വിവരങ്ങളും വെളിപ്പെടുത്തുക തുടങ്ങിയവ ഉന്നയിച്ചു ജൂപ്പിറ്ററിലെ ജോലിക്കാരുടെ ബന്ധുക്കൾ സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്.

✱

## ഒരേ കുറ്റത്തിന് രണ്ടു സസ്പെൻഷൻ

പഴവങ്ങാടിയിലെ ബിഗ് ബസാറിനുവേണ്ടി പോക്കുവരവിൽ ക്രമക്കേടു കാണിച്ചതായി ആരോപിച്ചു നെടുമങ്ങാട് റവന്യൂ റിക്കവറി ഓഫീസിലെ ഡപ്യൂട്ടി തഹസിൽദാരും എൻജിഒ അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ എസ്. പത്മകുമാറിനെ വീണ്ടും സസ്പെൻഡ് ചെയ്ത നടപടി പിൻവലിക്കണമെന്ന് എൻജിഒ അസോസിയേഷൻ ആവശ്യപ്പെട്ടു.

✱

## സ്വദേശിയെന്നില്ല, വിദേശിയെന്നില്ല: കോവളം ബീച്ചിലെ നടപ്പാത ആരെയും വീഴ്ത്തും

ബീച്ചിൽ അശാസ്ത്രീയമായി നിർമ്മിച്ച നടപ്പാത സഞ്ചാരികളുടെ കൈകാലുകളൊടിക്കുന്നു. ലൈറ്റ് ഹൗസ് ബീച്ചിലെ ടൈൽ പാകിയ നടപ്പാതയിൽ തെന്നിവീണു കഴിഞ്ഞ ദിവസം ഇംഗ്ലണ്ടുകാരിയായ മാർഗരറ്റിന്റെ കയ്യൊടിഞ്ഞു. ഇതിനു മുൻപു ഈ ഭാഗത്തു തെന്നിവീണ മറ്റൊരു വിദേശ വനിതയുടെ കാലിന് ഒടിവുപറ്റി. നടപ്പാതയിലെ ചെറിയ കയറ്റിറക്ക ഭാഗമാണു കാൽനടക്കാരെ വീഴ്ത്തുന്നത്.

നിരപ്പായ പാതയിലൂടെ നടന്നുവരുന്ന സഞ്ചാരികൾ ഇടയ്ക്കു ചെറിയ ഇറക്കമുണ്ടെന്നറിയാതെ കാൽ വയ്ക്കുമ്പോൾ തെന്നിവീണാണ് അപകടം. മിനുസമേറിയ ടൈലിനൊപ്പം മണൽത്തരികൾ കൂടിയാകുമ്പോൾ വീഴാനുള്ള സാധ്യത കൂടും. മുൻപ് ഇത്തരം കയറ്റിറക്ക ഭാഗത്തു പടികളുണ്ടായിരുന്നു. ടൈൽ പാകിയപ്പോൾ പടികൾ മാറ്റി. വിദേശ സഞ്ചാരികളെക്കൂടാതെ സ്വദേശികൾ, കുട്ടികൾ എന്നിവരെല്ലാം ഈ ഭാഗത്തു വീണു പരുക്കുപറ്റുന്നവരിൽപ്പെടും.

✱

## കടയടപ്പ് സമരം ജില്ലയിൽ പൂർണം

ചെറുകിട വ്യാപാരരംഗത്തേക്കുള്ള വൻകിട കമ്പനികളുടെ

കടന്നുകയറ്റം തടയണമെന്നാവശ്യപ്പെട്ടു വ്യാപാരി വ്യവസായി ഏകോപനസമിതിയും വ്യാപാരി വ്യവസായി സമിതിയും നടത്തിയ കടയടപ്പുസമരം ജില്ലയിൽ പൂർണം.

ഏകോപന സമിതിയുടെ നേതൃത്വത്തിൽ ജില്ലയിൽ നടത്തിയ സമരം വൻ വിജയമായിരുന്നുവെന്നു ജില്ലാ സെക്രട്ടറി തമ്പാനൂർ രാജൻ അറിയിച്ചു.

✱

## മൽസ്യമേഖല: പാക്കേജ് വേണം

സുനാമി ഫണ്ടും ബജറ്റ് വിഹിതവും കേന്ദ്ര ധനസഹായവും ഉപയോഗിച്ച് മൽസ്യമേഖലയുടെ സമഗ്ര വികസനത്തിന് സ്പെഷൽ പാക്കേജ് നടപ്പാക്കണമെന്ന് ലത്തീൻ കത്തോലിക്ക ഐക്യവേദി മൽസ്യമേഖലാ നേതൃയോഗം സർക്കാരിനോടാവശ്യപ്പെട്ടു. സുനാമിഫണ്ട് വകമാറ്റലും ദുർവിനിയോഗവും സംബന്ധിച്ച ഡോ. വിജയനുണ്ണി കമ്മിഷൻ ശുപാർശ പ്രകാരമുള്ള വിജിലൻസ് അന്വേഷണത്തിനു നടപടിയെടുക്കാത്തതിൽ യോഗം പ്രതിഷേധിച്ചു.

✱

## ചൈനീസ് കടന്നുകയറ്റം നിയന്ത്രണ രേഖയെപ്പറ്റി ഭിന്ന വിലയിരുത്തൽമൂലം

അരുണാചൽ പ്രദേശിൽ ചൈനീസ് സേന കടന്നുകയറിയതിനു പിന്നിൽ യഥാർത്ഥ നിയന്ത്രണ രേഖയെപ്പറ്റിയുള്ള കാഴ്ചപ്പാടുകൾ തമ്മിലുള്ള ഭിന്നതയാണെന്നു കരസേനാ മേധാവി ജനറൽ ദീപക് കപൂർ അഭിപ്രായപ്പെട്ടു. ഇന്ത്യൻ പട്ടാളത്തിന്റെ ചില നീക്കങ്ങൾ മറുഭാഗത്തിനു കടന്നുകയറ്റമാണെന്ന് ആരോപിക്കാമെന്നും അദ്ദേഹം പറഞ്ഞു.

✱

## മുല്ലപ്പെരിയാർ: വിദഗ്ധസമിതി റിപ്പോർട്ട് ചുവപ്പുനാടയിൽ

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ട് ചുവപ്പുനാടയിൽ കുടുങ്ങി. പഠനം നടത്തുന്ന ഐഐടിയിലെ വിദഗ്ധ സംഘങ്ങളുമായുള്ള കരാർ നടപടികൾ പൂർത്തിയാക്കുന്നതിലെ താമസമാണു റിപ്പോർട്ട് വൈകുന്നതിനു കാരണം.

✶

## ഏപ്രിൽ, മേയ്, ജൂൺ യാത്രാ തിരക്ക്: ഏഴു പ്രത്യേക ട്രെയിനുകൾ

യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഏഴു പ്രത്യേക ട്രെയിനുകൾ ഓടിക്കുമെന്നു ദക്ഷിണ റയിൽവേ അറിയിച്ചു. ഏപ്രിൽ 16ന് ആരംഭിക്കുന്ന ചെന്നൈ സെൻട്രൽ – തിരുവനന്തപുരം ട്രെയിൻ എല്ലാ ബുധനാഴ്ചയും രാത്രി 11.30നു ചെന്നൈയിൽ നിന്നു തിരിച്ചു പിറ്റേന്നു വൈകിട്ട് 4.30 ന് ഇവിടെയെത്തും. എല്ലാ വ്യാഴാഴ്ചയും രാത്രി എട്ടിനു തിരുവനന്തപുരത്തു നിന്നു തിരിക്കുന്ന ട്രെയിൻ പിറ്റേന്ന് ഉച്ചയ്ക്കു 12.30 ന് ചെന്നൈയിലെത്തും. ജൂൺ 18 വരെ ഈ ട്രെയിൻ സർവീസ് നടത്തും.

✶

## ഭാര്യയെ പീഡിപ്പിക്കാൻ ശ്രമം

ഭാര്യയെ പീഡിപ്പിക്കാൻ ശ്രമിച്ച യുവാവിനെ അടിച്ചുകൊന്ന കേസിൽ സിപിഎം ബ്രാഞ്ച് കമ്മിറ്റി അംഗം പോലീസിൽ കീഴടങ്ങി. ചിന്നക്കനാലിൽ കയ്യേറ്റഭൂമിയിലായിരുന്നതിനാൽ പൊളിച്ചുമാറ്റിയ ക്ലൗഡ് 9 റിസോർട്ടിലെ ജീവനക്കാരൻ മൂവാറ്റുപുഴ പായിപ്ര മലയിൽ കണ്ടത്തിൽ റോബിൻ ജോസഫ് (27) ആണു കൊല്ലപ്പെട്ടത്. ടോപ് ഡിവിഷനിൽ ശെൽവമാണു കീഴടങ്ങിയത്.

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35<br>Sathyanadam TV Program on every Saturday at 6 a.m. in Jaihind TV. |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 March**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378